# Government of Tamilnadu

## നാലാം തരം

## STANDARD FOUR

### MALAYALAM MEDIUM

### രണ്ടാം ഘട്ടം

### TERM II

### വാല്യം 2

### VOLUME 2

ഗണിതം
MATHEMATICS

ശാസ്ത്രം
SCIENCE

സാമൂഹ്യശാസ്ത്രം
SOCIAL SCIENCE

**Untouchability is Inhuman and a Crime**

## Department of School Education

© Government of Tamilnadu

First Edition - 2012
Revised Edition - 2013
Reprint - 2014
( Published under Uniform System of School Education Scheme in Trimester Pattern)

Textbook Prepared and Compiled By

State Council of Educational Research and Training

College Road, Chennai - 600 006.

Textbook Printing

Tamil Nadu Textbook and Educational Services Corporation

College Road, Chennai - 600 006.

This book has been printed on 80 G.S.M. Maplitho Paper

Price : Rs.

Printed by Web Offset at :

Textbook available at

**www.textbooksonline.tn.nic.in**

# വിഷയവിവരം

## ഗണിതം ( MATHEMATICS ) (1 - 54)


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | വ്യാപ്ത അളവുകൾ | 3 |
| 2. | ഗുണനവും ഹരണവും | 16 |
| 3. | സമയം കണക്കാക്കൽ | 36 |


## ശാസ്ത്രം ( SCIENCE ) (55 - 92)


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ആഹാരം | 57 |
| 2. | പ്രവൃത്തിയും ഊർജ്ജവും | 67 |
| 3. | വ്യക്തിസുരക്ഷ | 73 |
| 4. | പ്രകൃതിസ്രോതസ്സുകളുടെ ഉപയോഗങ്ങൾ | 81 |


## സാമൂഹ്യശാസ്ത്രം ( SOCIAL SCIENCE ) (93 - 131)


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ഇന്ത്യ എന്റെ രാജ്യം | 95 |
| 2. | ദേശീയചിഹ്നങ്ങൾ | 107 |
| 3. | അവകാശങ്ങളും ചുമതലകളും | 111 |
| 4. | ജീവിതപാഠങ്ങൾ | 115 |
| 5. | കണ്ടുപിടിത്തങ്ങൾ | 123 |

# ഗണിതം
# MATHEMATICS

## MALAYALAM MEDIUM

## നാലാം തരം
## STANDARD FOUR

## രണ്ടാം ഘട്ടം
## TERM II

## ചിഹ്നങ്ങളും വിശദീകരണവും



പരിശീലനം



ആവർത്തനം



കടങ്കഥ



പദ്ധതി

പ്രായോഗിക പരിശീലനം



# 1 വ്യാപ്ത അളവുകൾ

രാമുവും, സോമുവും ഒരു ജൂസ് കടയിൽ പോയി. അവർ ഒരു ഓറഞ്ച് ജൂസും ഒരു മാമ്പഴ ജൂസും വാങ്ങി.




ആരുടെ കയ്യിലാണ് അധിക ജൂസുള്ളത്?

രാമുവിന്റെ കൈവശം അധിക ജൂസ് ഉണ്ട്. സോമുവിന്റെ കൈവശം പകുതി ജൂസ് ഉണ്ട്.




സഹോദരിമാരായ റീത്തയും, ഗീതയും ഒരേ വ്യാപ്തമുള്ള രണ്ടു ബക്കറ്റുകളിൽ വെള്ളം നിറച്ചു. അവർ വ്യത്യസ്ത അളവുള്ള ജാർ ഉപയോഗിച്ചാണ് വെള്ളം നിറച്ചത് .



റീത്ത അളന്ന് ഒഴിച്ചത് 10 പ്രാവശ്യം


ഗീത അളന്ന് ഒഴിച്ചത് 8 പ്രാവശ്യം




ഇത്തരത്തിലുള്ള അളവുകൾ കൊണ്ട് ജലത്തിന്റെ വ്യാപ്തം കൃത്യമായി നിർണ്ണയിക്കാൻ സാധ്യമല്ല.

അതുകൊണ്ട് അടിസ്ഥാന മാത്രയായ ലിറ്ററോ, മില്ലീ ലിറ്ററോ ഉപയോഗിച്ച് ദ്രാവകങ്ങളെ കൃത്യമായി അളക്കാം.

## ലിറ്ററിനും മില്ലീലിറ്ററിനും തമ്മിലുള്ള ബന്ധം




**അധ്യാപിക** : കുട്ടികളേ! ഈ വസ്തുക്കളെ നിങ്ങൾ എവിടെയാണ് കണ്ടിട്ടുള്ളതെന്ന് പറയാമോ?

**ശങ്കർ** : ഞാൻ ഇവയെ ന്യായവില കടയിൽ എണ്ണ അളക്കാൻ ഉപയോഗിക്കുന്നത് കണ്ടിട്ടുണ്ട്.

**ജോൺ** : ഞാൻ ഇവയെ പാൽക്കാരന്റെ കൈയ്യിൽ കണ്ടിട്ടുണ്ട്.

**അധ്യാപിക** : ഗോപു, 500 മി. ലി ജാർ ഉപയോഗിച്ച് ഒരു ലിറ്റർ ജാറിൽ ജലം നിറയ്ക്കുക. എത്ര പ്രാവശ്യമാണ് നീ 500 മില്ലീ ലിറ്റർ ജാർ ഉപയോഗിച്ചത് എന്ന് പറയുക?

**ഗോപു** : രണ്ടു പ്രാവശ്യം.

**അധ്യാപിക** : ഇതിൽ നിന്നും നാം കണ്ടത്, നമുക്ക് ഒരു ലിറ്റർ ജലം കിട്ടുന്നതിന് രണ്ട് 500 മി. ലി ജലം ആവശ്യമാണ്.

500 മില്ലീലിറ്റർ + 500 മില്ലീലിറ്റർ = 1 ലിറ്റർ

**1000 മില്ലീലിറ്റർ = 1 ലിറ്റർ**

നമുക്ക് മില്ലീ ലിറ്റർ എന്ന അളവിനെ 'മി.ലി' എന്നും, ലിറ്റർ അളവിനെ 'ലി' എന്നെഴുതാം.

$\frac{1}{2}$ ലി = ***500** മില്ലീ.ലി.*

$\frac{1}{4}$ ലി = ***250** മില്ലീ.ലി.*

$\frac{3}{4}$ ലി = ***750** മില്ലീ.ലി.*

താഴെ തന്നിരിക്കുന്ന വിവിധ തരത്തിലുള്ള പാത്രങ്ങളിലേയ്ക്ക് വെള്ളം ഒഴിക്കുക



1. ഏതു പാത്രത്തിനാണ് കൂടുതൽ വ്യാപ്തം
2. ഏതു പാത്രത്തിനാണ് കുറഞ്ഞ വ്യാപ്തം

ചെറിയ പാത്രത്തിൽ ഉൾക്കൊള്ളുന്നതിനേക്കാൾ കൂടുതൽ വെള്ളം വലിയ പാത്രത്തിൽ ഉൾക്കൊള്ളും.

**പൂരിപ്പിക്കുക**

**1ലി**

| | | | |
|---|---|---|---|
| 50 മി.ലി | 500 മി.ലി | മി.ലി | 100 മി.ലി |
| + | + | + | + |
| മി.ലി | 200 മി.ലി | മി.ലി | മി.ലി |
| + | + | | + |
| 200 മി.ലി | മി.ലി | | മി.ലി |
| + | + | | + |
| മി.ലി | മി.ലി | | 200 മി.ലി |
| + | | | + |
| മി.ലി | | | 500 മി.ലി |

## വെള്ളം ! വെള്ളം !

3 പേർ അടങ്ങുന്ന ശ്രീരാമന്റെ കുടുംബത്തിൽ ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.





| | |
|---|---|
| കുടിക്കാൻ | 9 ലി. |
| പാചകം ചെയ്യാൻ | 12 ലി. |
| പാത്രം കഴുകാൻ | 15 ലി. |
| കുളിക്കാൻ | 30 ലി. |
| വസ്ത്രം അലക്കാൻ | 24 ലി. |
| മറ്റ് ഉപയോഗങ്ങൾക്ക് | 40 ലി. |
| ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ മൊത്തം അളവ് | ______ ലി. |

### പദ്ധതി തയ്യാറാക്കൽ



നിങ്ങളുടെ കുടുംബത്തിൽ ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കണ്ടെത്തുക.

കുട്ടിയുടെ പേര് ______________________________

കുടുംബത്തിലെ ആകെ അംഗങ്ങൾ ____________________

| | |
|---|---|
| കുടിക്കാൻ | ലി. |
| പാചകം ചെയ്യാൻ | ലി. |
| പാത്രം കഴുകാൻ | ലി. |
| കുളിക്കാൻ | ലി. |
| വസ്ത്രം അലക്കാൻ | ലി. |
| മറ്റ് ഉപയോഗങ്ങൾക്ക് | ലി. |
| ഒരു ദിവസം ഉപയോഗിക്കുന്ന വെള്ളത്തിന്റെ മൊത്തം അളവ് | ______ ലി |





## കൂട്ടൽ ലിറ്ററിലും മില്ലീലിറ്ററിലും

- 2 ലി + 450 മി.ലി = 2000 മി.ലി + 450 മി.ലി = 2450 മി.ലി
- 3 ലി + 75 മി.ലി = 3000 മി.ലി+ 75മി.ലി = 3075 മി.ലി
- 4 ലി + 5 മി.ലി = 4000 മി.ലി + 5 മി.ലി = 4005 മി.ലി



### പരിശീലനം

**(1) വിട്ടുപോയ ഭാഗം പൂരിപ്പിക്കുക**

| | | | |
|---|---|---|---|
| 1) 1 ലി = | 1000 മി.ലി | 5) 7000 മി.ലി = | ലി |
| 2) 2 ലി = | മി.ലി | 6) 4000 മി.ലി = | ലി |
| 3) 6 ലി = | മി.ലി | 7) 9000 മി.ലി = | ലി |
| 4) 5 ലി = | മി.ലി | 8) 3000മി.ലി = | ലി |

| | | | | | | |
|---|---|---|---|---|---|---|
| 9) 3 ലി + 475 മി.ലി | = | മി.ലി | + | മി.ലി | = | മി.ലി |
| 10) 5 ലി +60മി.ലി | = | മി.ലി | + | മി.ലി | = | മി.ലി |
| 11) 7ലി +5 മി.ലി | = | മി.ലി | + | മി.ലി | = | മി.ലി |

**(2) തന്നിരിക്കുന്ന കോളം Aയ്ക്ക് അനുയോജ്യമായ ഉത്തരം B യിൽനിന്നും തിരഞ്ഞെടുത്ത് എഴുതുക.**

| A | B |
|---|---|
| 1ലി 250മി.ലി | |
| 1ലി 25മി.ലി | |
| 1ലി 5മി.ലി | |
| 1ലി 750മി.ലി | |
| 1ലി 705മി.ലി | |

| B |
|---|
| 1750മി.ലി |
| 1250 മി.ലി |
| 1705മി.ലി |
| 1005മി.ലി |
| 1025മി.ലി |

**താഴെ തന്നവയെ** 500 മി.ലി , 200 മി.ലി , 100 മി.ലി , 50 മി.ലി **എന്നീ അളവുകൾ ഉപയോഗിച്ച് പൂർത്തിയാക്കുക.**

| | |
|---|---|
| 500 മി.ലി | ___ + ___ + ___ |
| 500 മി.ലി | 100മി.ലി + 100മി.ലി + 100മി.ലി + 100മി.ലി + 100മി.ലി |
| 700 മി.ലി | ___ + ___ + ___ + ___ |
| 200 മി.ലി | ___ + ___ + ___ |
| 300 മി.ലി | ___ + ___ + ___ + ___ |
| 200 മി.ലി | ___ + ___ + ___ + ___ |
| 250 മി.ലി | ___ + ___ |
| 350 മി.ലി | ___ + ___ + ___ |
| 450 മി.ലി | ___ + ___ + ___ + ___ |
| 600 മി.ലി | ___ + ___ |
| 1ലി | ___ + ___ + ___ + ___ |



**പദ്ധതി തയ്യാറാക്കൽ**

നിങ്ങളുടെ വീട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങളായ
പാൽ, ശീതള പാനീയം, മോര്, നെയ്യ്, വെളിച്ചെണ്ണ എന്നിവയുടെ
വ്യാപ്ത അളവുകളെ ക്രമപ്പെടുത്തുക.

## വ്യാപ്തം – കൂട്ടൽ

### കൂട്ടുക

25ലി 500മി.ലി + 13ലി 225മി.ലി

| | ലി. | മി.ലി |
|---|---|---|
| | 25 | 500 |
| + | 13 | 225 |
| | 38 | 725 |

വഴി 1 : മില്ലീ ലിറ്ററുകളെ കൂട്ടുക.

വഴി 2 : ലിറ്ററുകളെ കൂട്ടുക.



## പരിശീലനം

1)

| | ലി. | മി.ലി |
|---|---|---|
| | 50 | 100 |
| + | 29 | 350 |
| | | |

2)

| | ലി. | മി.ലി |
|---|---|---|
| | 15 | 175 |
| + | 13 | 225 |
| | | |

3)

| | ലി. | മി.ലി |
|---|---|---|
| | 22 | 327 |
| + | 13 | 256 |
| | | |

4)

| | ലി. | മി.ലി |
|---|---|---|
| | 16 | 200 |
| | 15 | 150 |
| + | 17 | 300 |
| | | |

5)

| | ലി. | മി.ലി |
|---|---|---|
| | 7 | 050 |
| | 12 | 200 |
| + | 23 | 500 |
| | | |

6)

| | ലി. | മി.ലി |
|---|---|---|
| | 43 | 000 |
| | 14 | 500 |
| + | 26 | 250 |
| | | |

7)

| | ലി. | മി.ലി |
|---|---|---|
| | 18 | 306 |
| | 16 | 054 |
| + | 14 | 252 |
| | | |

8)

| | ലി. | മി.ലി |
|---|---|---|
| | 37 | 150 |
| | 2 | 221 |
| + | 44 | 578 |
| | | |

9)

| | ലി. | മി.ലി |
|---|---|---|
| | 3 | 075 |
| | 19 | 529 |
| + | 21 | 275 |
| | | |

## ദൈനംദിന കണക്കുകൾ


**ഇന്ന് ചൂട് അധികമാണ്. നമുക്ക് വിവിധതരത്തിലുള്ള ശീതള പാനീയങ്ങൾ തയ്യാറാക്കാമോ ?**

പാനീയങ്ങൾ തയ്യാറാക്കേണ്ട സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1ലി സർബത്ത്




200മി.ലി നാരങ്ങനീര്



2ലി 500മി.ലി തണുത്ത ജലം



| | | ലി. | മി.ലി |
|---|---|---|---|
| തണുത്ത ജലം | = | 2 | 500 |
| സർബത്ത് | = | 1 | 000 |
| നാരങ്ങാനീര് | = | 0 | 200 |
| ആകെ | = | 3 | 700 |

ശീതള പാനീയങ്ങളുടെ ആകെ അളവ് = 3ലി 700മി.ലി

### പരിശീലനം

1) ഇവിടെ 3 പാത്രങ്ങളിൽ പാൽ നിറച്ചിട്ടുണ്ട്.




17ലി 300മി.ലി




2ലി 100മി.ലി




5ലി 200മി.ലി

★ ഏതു പാത്രത്തിലാണ് കൂടുതൽ പാൽ ഉള്ളത് ?

★ ഏതു പാത്രത്തിലാണ് കുറച്ച് പാൽ ഉള്ളത് ?

★ മൂന്നുപാത്രങ്ങളിലും ഉള്ള പാലിന്റെ ആകെ അളവ് എത്ര ?

2) ഒരു പശു മൂന്നു ദിവസങ്ങളിൽ തന്ന പാലിന്റെ അളവുകൾ താഴെ ക്രമീകരിച്ചിരിക്കുന്നു.

| | ലി | മി. ലിറ്റർ |
|---|---|---|
| 1 -ാം ദിവസം | 13 | 500 |
| 2 -ാം ദിവസം | 14 | 200 |
| 3 -ാം ദിവസം | 12 | 100 |

എന്നാൽ പശു മൂന്നു ദിവസങ്ങളിലും തന്ന പാലിന്റെ ആകെ അളവ് കാണുക ?

3) ഭാമയുടെ കൈവശം 2ലിറ്റർ പുളിയുള്ള മോരുണ്ട്. പുളിപ്പു മാറ്റാൻ 500മില്ലീ ലിറ്റർ ജലം ചേർത്തു. എന്നാൽ ജലം ചേർത്തതിനുശേഷം മോരിന്റെ ആകെ അളവ് എത്ര?

4) ജയന്തി ഒരു ലിറ്റർ ഇഡ്ഡലിമാവ് വാങ്ങി. അതിനെ ദോശമാവാക്കാൻ 200മില്ലീ ലിറ്റർ ജലം ചേർത്തു. എന്നാൽ ഇപ്പോൾ ആ മിശ്രിതത്തിന്റെ അളവ് എത്ര ?

5) 200മില്ലീ ലിറ്റർ വെളിച്ചെണ്ണയും, 300മി. ലി എളെള്ളണ്ണയും, 100മില്ലീലിറ്റർ ആവണക്കെണ്ണയും ചേർത്ത മിശ്രിതം വിളക്ക് കത്തിക്കുവാൻ ഉപയോഗിക്കുന്നു.
എന്നാൽ ആ മിശ്രിതത്തിന്റെ ആകെ അളവ് എത്ര ?

6) 50മില്ലീലിറ്റർ ചുവപ്പു പെയ്ന്റും, 100മില്ലീലിറ്റർ പച്ചപെയ്ന്റും, 500മില്ലീലിറ്റർ വെള്ള പെയിന്റും ചേർത്ത് ഒരു മിശ്രിതം തയ്യാറാക്കുന്നു. എന്നാൽ ഈമിശ്രിതത്തിന്റെ ആകെ അളവ് എത്ര ?

7) ഒരു വിരുന്നിന് ഭക്ഷണം തയ്യാറാക്കാൻ ഉപയോഗിച്ച വെള്ളത്തിന്റെ അളവ്.

| പദാർത്ഥങ്ങൾ | വെള്ളത്തിന്റെ അളവ് | |
|---|---|---|
| | ലിറ്റർ | മില്ലീ ലിറ്റർ |
| അരി | 25 | 200 |
| രസം | 15 | 150 |
| മോര് | 10 | 500 |
| പായസം | 5 | 50 |

★ ചോറും രസവും തയ്യാർ ചെയ്യാൻ എടുത്ത വെള്ളത്തിന്റെ അളവ് എത്ര ?

★ മോരും പായസവും തയ്യാർ ചെയ്യാൻ എടുത്ത വെള്ളത്തിന്റെ അളവ് എത്ര ?

★ മൊത്തം ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിച്ച വെള്ളത്തിന്റെ അളവ് എത്ര ?

★ **വ്യാപ്തം – കുറയ്ക്കൽ**

**കുറയ്ക്കുക**

15ലി 350മി.ലി – 13ലി 225മി.ലി

| | ലി | മി.ലി |
|---|---|---|
| | 15 | 350 |
| – | 13 | 225 |
| | 2 | 125 |

വഴി 1 : 350 മില്ലീ ലിറ്ററിൽ നിന്ന് 225 മി. ലിറ്ററിനെ കുറയ്ക്കുക.

വഴി 2 : 15 ലിറ്ററിൽ നിന്ന് 13 ലിറ്ററിനെ കുറയ്ക്കുക.

**ദൈനംദിന കണക്കുകൾ**

**തുണി കുതിർക്കാനാവശ്യമായ വെള്ളത്തിന്റെ അളവ് കാണുക**

കുടത്തിലെ ജലം




കുതിർത്ത തുണി



ബാക്കിയുള്ള ജലം




| | | |
|---|---|---|
| ജലത്തിന്റെ മൊത്ത അളവ് | = | 20ലി |
| ശേഷിച്ച ജലത്തിന്റെ അളവ് | = | –11ലി |
| തുണി കുതിർക്കാൻ എടുത്ത ജലത്തിന്റെ അളവ് | = | 9 ലി |



പരിശീലനം

1)

| | ലി | മി.ലി |
|---|---|---|
| | 27 | 875 |
| – | 18 | 618 |

2)

| | ലി | മി.ലി |
|---|---|---|
| | 35 | 950 |
| – | 23 | 286 |

3)

| | ലി | മി.ലി |
|---|---|---|
| | 56 | 357 |
| – | 15 | 238 |

4) 1 ലി 500 മി.ലി ലിറ്റർ ശീതള പാനീയത്തിൽ 200 മി.ലി ലിറ്റർ എടുത്താൽ ബാക്കിയുള്ള ശീതള പാനീയത്തിന്റെ അളവ് എത്ര ?




| | ലി | മി.ലി |
|---|---|---|
| | 1 | 500 |
| – | 0 | 200 |
| | | |

ബാക്കിയുള്ള ശീതള പാനീയം = ___________

5) രാജയും അവന്റെ കൂട്ടുകാരും ചേർന്ന് എണ്ണക്കടയിൽ പോയി അവർ വാങ്ങിയ എണ്ണയുടെ അളവുകൾ താഴെകൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പേര് | സൂര്യകാന്തി എണ്ണ | കടല എണ്ണ | നല്ലെണ്ണ | കടുകെണ്ണ | വെളിച്ചെണ്ണ |
|---|---|---|---|---|---|---|
| | | ലി മി.ലി | ലി മി.ലി | ലി മി.ലി | ലി മി.ലി | ലി മി.ലി |
| 1 | രാജൻ | 5 000 | 1 300 | 3 000 | 0 100 | 0 050 |
| 2 | എലിസബത്ത് | 8 100 | 0 250 | 1 100 | 0 300 | 0 100 |
| 3 | നിതീഷ് | 1 200 | 0 050 | 0 250 | 4 150 | 2 000 |
| 4 | രേവതി | 4 150 | 3 100 | 2 600 | 0 050 | -- |
| 5 | രാജേശ്വരി | 2 250 | 4 050 | 4 050 | 0 200 | 0 400 |

⇨ എലിസബത്ത് വാങ്ങിയ എണ്ണയുടെ ആകെ അളവ് എത്ര ?

⇨ ആകെ വാങ്ങിയ സൂര്യകാന്തി എണ്ണയുടെ അളവ് എത്ര ?

⇨ ആരാണ് കൂടുതൽ കടുകെണ്ണ വാങ്ങിയത് ?


⇨ ഏത് എണ്ണയാണ് കൂടുതലായി വാങ്ങിയത് ?

⇨ നിതീഷിനേക്കാൾ രാജ വാങ്ങിയ കടലഎണ്ണയുടെ അളവ് എത്ര ?



## പ്രായോഗിക പരിശീലനം

പട്ടിക പൂർത്തിയാക്കുക

| ക്രമ നമ്പർ | സാധനങ്ങൾ | എത്രപ്രാവശ്യം | ഏകദേശമൂല്യം ലിറ്റർ മി. ലിറ്റർ | യഥാർത്ഥ മൂല്യം ലിറ്റർ മി.ലിറ്റർ |
|---|---|---|---|---|
| 1. |  | 20 | | |
| 2. |  | 5 | | |
| 3. |  | 3 | | |
| 4. |  | 1 | | |
| 5. |  | 2 | | |
| 6. |  | 1 | | |
| 7. |  | 20 | | |
| 8. |  | 1 | | |
| 9. |  | 4 | | |

## ആവർത്തനം



**പൂരിപ്പിക്കുക.**

1) 7ലി. + 500മി.ലി = _______മി.ലി
2) 4ലി. + 65മി.ലി = _______മി.ലി
3) 8ലി. + 5മി.ലി = _______ മി.ലി
4) 4ലി. 890മി.ലി = _______ മി.ലി
5) 6ലി. 856മി.ലി = _______ ലി. + ______ മി.ലി
6) 3ലി. 567മി.ലി = _______ ലി. + ______ മി.ലി
7) 4ലി. 890മി.ലി = _______ ലി. + ______ മി.ലി

**ചെയ്തുനോക്കൂ**

1)

| | ലി | മി. ലി |
|---|---|---|
| | 7 | 075 |
| + | 75 | 354 |
| | | |

2)

| | ലി | മി. ലി |
|---|---|---|
| | 16 | 305 |
| | 73 | 355 |
| + | 55 | 089 |
| | | |

3)

| | ലി | മി. ലി |
|---|---|---|
| | 27 | 005 |
| | 86 | 290 |
| + | 73 | 605 |
| | | |

4)

| | ലി | മി. ലി |
|---|---|---|
| | 82 | 235 |
| – | 28 | 150 |
| | | |

5)

| | ലി | മി. ലി |
|---|---|---|
| | 73 | 589 |
| – | 65 | 254 |
| | | |

6)

| | ലി | മി. ലി |
|---|---|---|
| | 98 | 439 |
| – | 39 | 315 |
| | | |

7) ഒരു വീപ്പയിൽ 54 ലി. 250 മി. ലിറ്റർ വാർണീഷും മറ്റൊരു വീപ്പയിൽ 75 ലി. 650 മി. ലി വാർണീഷും ഉണ്ട്. എന്നാൽ മൊത്ത വാർണീഷിന്റെ വ്യാപ്തം എത്ര ?

8) ഒരു ബക്കറ്റിൽ 15 ലി. 200 മി. ലിറ്റർ ജലവും മറ്റൊരു ബക്കറ്റിൽ 12 ലി. 300 മി. ലിറ്റർ ജലവും ഉണ്ട്. എന്നാൽ ജലത്തിന്റെ മൊത്ത വ്യാപ്തം എത്ര ?

9) ഒരു കച്ചവടക്കാരന്റെ പക്കൽ 89 ലി. 500 മി. ലി തൈരുണ്ട്. അതിൽ 39 ലി 250 മി.ലിറ്റർ തൈരു വിറ്റു. എന്നാൽ ബാക്കിയുള്ള തൈരിന്റെ അളവ് എത്ര ?

# 2 ഗുണനവും ഹരണവും

## ഗുണനം

2007 ൽ നടന്ന ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ യുവരാജ്സിംഗ് ഒരു ഓവറിൽ ഓരോ ബോളിനും ആറു റൺസ് അടിച്ചു.




**അയാൾ ഒരു ഓവറിൽ എടുത്ത റൺസുകളുടെ എണ്ണം നമുക്ക് കണക്കാക്കാമോ ?**

**എടുത്ത റൺസുകളുടെ എണ്ണം**

| | | | |
|---|---|---|---|
| ഒരു ബോൾ | = | 6 | = 1 × 6 = 6 |
| രണ്ടു ബോളുകൾ | = | 6 + 6 | = 2 × 6 = 12 |
| മൂന്നു ബോളുകൾ | = | 6 + 6 + 6 | = 3 × 6 = 18 |
| നാലു ബോളുകൾ | = | 6 + 6 + 6 + 6 | = 4 × 6 = 24 |
| അഞ്ചു ബോളുകൾ | = | 6 + 6 + 6 + 6 + 6 | = 5 × 6 = 30 |
| ആറു ബോളുകൾ (ഒരു ഓവർ) | = | 6 + 6 + 6 + 6 + 6 + 6 | = 6 × 6 = 36 |

**ഗുണനം എന്നത് ആവർത്തന സങ്കലനത്തിന്റെ ചുരുക്കമാണ്.**

**6ന്റെ ഗുണന പട്ടിക**

| | |
|---|---|
| 1 × 6 = 6 | 6 × 6 = 36 |
| 2 × 6 = 12 | 7 × 6 = 42 |
| 3 × 6 = 18 | 8 × 6 = 48 |
| 4 × 6 = 24 | 9 × 6 = 54 |
| 5 × 6 = 30 | 10 × 6 = 60 |

ഒരു കുട്ടിക്ക് 6 നോട്ടു ബുക്കുകൾ ആവശ്യമെങ്കിൽ 7 കുട്ടികൾക്ക് എത്ര നോട്ടു ബുക്കുകൾ ആവശ്യമുണ്ട് ?

**നിർദ്ധാരണം:**

ആകെ നോട്ടു ബുക്കുകളുടെ എണ്ണം കാണുന്നതിന് 7നെ 6 കൊണ്ട് ഗുണിക്കുക.

7 കുട്ടികൾക്ക് ആവശ്യമായ നോട്ടു ബുക്കുകളുടെ എണ്ണം 42   7 × 6 = 42

## പരിശീലനം

1) $3 \times 6 =$ ☐  2) $4 \times 6 =$ ☐  3) $5 \times 6 =$ ☐

4) ഒരു ഷർട്ടിൽ 6 ബട്ടണുകൾ വീതം ഉണ്ടെങ്കിൽ 8 ഷർട്ടുകളിൽ ആകെ എത്ര ബട്ടണുകൾ ഉണ്ടായിരിക്കും. ?

5) ഓരോ വീട്ടിലും 6 ഫാനുകൾ വീതം ഉണ്ടെങ്കിൽ, 9 വീടുകളിലുള്ള ഫാനുകളുടെ എണ്ണം കണക്കാക്കുക.

**7ന്റെ ഗുണന പട്ടിക പൂർത്തിയാക്കുക.**

| | |
|---|---|
| ഒരു പൂവിന് 7 ഇതളുകൾ | 1 × 7 = 7 |
| | 2 × 7 = 14 |
| | 3 × 7 = 21 |
| | |
| | |
| | 6 × 7 = 42 |
| | |
| | 8 × 7 = 56 |
| | |
| | 10 × 7 =70 |







## പരിശീലനം

1) $4 \times 7 =$ ☐  2) $7 \times 7 =$ ☐  3) $9 \times 7 =$ ☐

4) ഒരു പെട്ടിയിൽ 7 പെൻസിലുകൾ ഉണ്ട്. എന്നാൽ 5 പെട്ടികളിൽ എത്ര പെൻസിലുകൾ ഉണ്ടായിരിക്കും ?

5) ഒരു ആഴ്ചയിൽ 7 ദിവസങ്ങൾ ഉണ്ട്. എന്നാൽ 8 ആഴ്ചകളിൽ എത്ര ദിവസങ്ങൾ ഉണ്ടെന്ന് കണക്കാക്കുക ?

**8ന്റെ ഗുണന പട്ടിക പൂർത്തിയാക്കുക**

| | |
|---|---|
|  | 1 × 8 =   8 |
|  | 2 × 8 = 16 |
|  | 3 × 8 = 24 |
|  | |
|  | 5 × 8 = 40 |
|  | |
|  | 7 × 8 = 56 |
|  | |
|  | |
|  | 10 × 8 = 80 |



**പരിശീലനം**

1) 4 × 8 = ☐    2) 6 × 8 = ☐    3) 9 × 8 = ☐

4) ഒരു ജനാലയിൽ 8 കമ്പികൾ ഉണ്ട്. എന്നാൽ 8 ജനാലകളിൽ എത്ര കമ്പികൾ ഉണ്ടെന്ന് കണ്ടുപിടിക്കുക ?

5) ഓരോ കെട്ടിടത്തിനും 8 തൂണുകൾ ഉണ്ടെങ്കിൽ 7 കെട്ടിടങ്ങളിലുള്ള തൂണുകളുടെ എണ്ണം കാണുക ?

**9ന്റെ ഗുണന പട്ടിക പൂർത്തിയാക്കുക.**

| | |
|---|---|
| 9 | = 1 × 9 = 9 |
| 9 + 9 | = 2 × 9 = 18 |
| 9 + 9 + 9 | = ________ |
| 9 + 9 + 9 + 9 | = 4 × 9 = 36 |
| 9 + 9 + 9 + 9 + 9 | = ________ |
| 9 + 9 + 9 + 9 + 9 + 9 | = 6 × 9 = 54 |
| 9 + 9 + 9 + 9 + 9 + 9 + 9 | = ________ |
| 9 + 9 + 9 + 9 + 9 + 9 + 9 + 9 | = 8 × 9 = 72 |
| 9 + 9 + 9 + 9 + 9 + 9 + 9 + 9 + 9 | = ________ |
| 9 + 9 + 9 + 9 + 9 + 9 + 9 + 9 + 9 + 9 | = 10 × 9 = 90 |



**പരിശീലനം**

1) 4 × 9 = ☐ 2) 7 × 9 = ☐ 3) 8 × 9 = ☐

4) ഒരു ഖൊ-ഖൊ സംഘത്തിൽ 9 പേരുണ്ട്. എന്നാൽ 6 സംഘങ്ങളിൽ എത്ര പേർ കാണും ?

5) ഒരു പ്രാവശ്യം തയ്യാറാക്കിയ ഇഡ്ഡലികളുടെ എണ്ണം 9 ആണെങ്കിൽ 9 പ്രാവശ്യം തയ്യാറാക്കിയ ഇഡ്ഡലികളുടെ എണ്ണം എത്ര?

**10 ന്റെ ഗുണന പട്ടിക പൂർത്തിയാക്കുക**

1 മുതൽ 9 വരെയുള്ള ഗുണന പട്ടികളിൽ നിന്ന് താഴെ തന്നിട്ടുള്ള ഗുണനപട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| 10 × 1 = 10 | 1 × 10 = 10 |
| 10 × 2 = 20 | 2 × 10 = 20 |
| 10 × 3 = 30 | ________ |
| 10 × 4 = 40 | ________ |
| 10 × 5 = 50 | ________ |
| 10 × 6 = 60 | ________ |
| 10 × 7 = 70 | ________ |
| 10 × 8 = 80 | ________ |
| 10 × 9 = 90 | ________ |
| | 10 × 10 =100 |

## 10, 100, 1000 എന്നിവ കൊണ്ടുള്ള ഗുണനം

**വിട്ടുപോയ ഭാഗം പൂരിക്കുക**

| | | | | | |
|---|---|---|---|---|---|
| 1) | 5 × 10 = 50 | | 6) | 40 × 100 = | |
| 2) | 60 × 10 = | | 7) | 66 × 100 = | |
| 3) | 705 × 10 = | | 8) | 3 × 1000 = 3000 | |
| 4) | 500 × 10 = | | 9) | 8 × 1000 = | |
| 5) | 7 × 100 = 700 | | 10) | 9 × 1000 = | |

ഒരു സംഖ്യയെ 10, 100, 1000 എന്നിവ കൊണ്ട് ഗുണിക്കുന്നതിനു പകരം ആ സംഖ്യയോട് ഒരു പൂജ്യം, രണ്ടു പൂജ്യങ്ങൾ, മൂന്നു പൂജ്യങ്ങൾ എന്നീ ക്രമത്തിൽ ചേർക്കുക.

### 1 കൊണ്ടുള്ള ഗുണനം

5 × 1 = 5
48 × 1 = 48
760 × 1 = 760

ഒന്നു കൊണ്ട് ഏതു സംഖ്യയെ ഗുണിച്ചാലും അതേ സംഖ്യ കിട്ടും.

### 0 കൊണ്ടുള്ള ഗുണനം

7 × 0 = 0
50 × 0 = 0
384 × 0 = 0

പൂജ്യം കൊണ്ട് ഏതു സംഖ്യയെ ഗുണിച്ചാലും പൂജ്യം കിട്ടും.

### ഗുണനക്രമം

1 × 2 = 2 × 1
27 × 5 = 5 × 27
768 × 4 = 4 × 768

രണ്ടു സംഖ്യകളുടെ സ്ഥാനങ്ങൾ മാറ്റിയാലും അവയുടെ ഗുണനഫലം മാറുന്നില്ല.

**വിട്ടുപോയ ഭാഗം പൂരിപ്പിക്കുക**

| | |
|---|---|
| 7 × 8 = 56 = 8 × 7 | 7 × 6 = _____ = 6 × 7 |
| 5 × 9 = 45 = 9 × 5 | _____ = 72 = 8 × 9 |
| 10 × 7 = 70 = 7 × 10 | 9 × 9 = 81 = _____ |

## ഗുണനം എളുപ്പവഴികൾ

### 30, 50 മുതലായവ കൊണ്ടുള്ള ഗുണനം

1. 245 നെ 30 കൊണ്ട് ഗുണിക്കുക

$$245 \times 30 = 245 \times (3 \times 10)$$
$$= (245 \times 3) \times 10$$
$$= 735 \times 10$$
$$= 7350$$
$$245 \times 30 = 7350$$

| | |
|---|---|
| 245 | |
| x 3 | 0 |
| 735 | 0 |

2. 36 നെ 50 കൊണ്ട് ഗുണിക്കുക

$$36 \times 50 = 36 \times (5 \times 10)$$
$$= (36 \times 5) \times 10$$
$$= 180 \times 10$$
$$= 1800$$

| | |
|---|---|
| 36 | |
| x 5 | 0 |
| 180 | 0 |


30,50 മുതലായ സംഖ്യകളെ ഗുണിക്കുന്നതിന് ആദ്യം പൂജ്യം അല്ലാത്ത സംഖ്യകളെ തമ്മിൽ ഗുണിക്കുക. അതിനുശേഷം ഗുണിച്ചുകിട്ടുന്ന സംഖ്യയുടെ വലതുവശത്ത് ചോദ്യത്തിൽ എത്ര പൂജ്യം ഉണ്ടോ അത്രയും ചേർക്കുക.

### ഗുണിക്കുക

1. 27 x 40
2. 34 x 80
3. 65 x 90
4. 452 x 70
5. 535 x 60
6. 791 x 20

ഗണിതം

ശ്രീനാഥ് 20 ചോക്ലേറ്റുകളെ താഴെ തന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.








**പരിശീലനം**

താഴെ തന്ന സംഖ്യകൾക്ക് രേഖാ ചിത്രം തയ്യാറാക്കൂ


1)





2)




3)




4)



## രണ്ടക്ക സംഖ്യയെ ഒരക്ക സംഖ്യകൊണ്ടുള്ള ഗുണനം

ഒരു ക്ലാസ്സിൽ 34 വിദ്യാർത്ഥികൾ ഉണ്ട്. എങ്കിൽ 6 ക്ലാസ്സുകളിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരിക്കും?

**നിർദ്ധാരണം :** ഒരു ക്ലാസ്സിലുള്ള വിദ്യാർത്ഥികളുടെ എണ്ണം = 34

6 ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം = $34 \times 6$

| നൂ | പ | ഒ |
|---|---|---|
| | (2) | |
| | 3 | 4 |
| | × | 6 |
| | | 4 |

**വഴി 1:**

$4 \times 6 = 24$ ഒന്നുകൾ

4 നെ ഒന്നിന്റെ സ്ഥാനത്തും

(2) നെ പത്തിന്റെ സ്ഥാനത്തും കൊണ്ടുപോവുക.

| നൂ | പ | ഒ |
|---|---|---|
| | (2) | |
| | 3 | 4 |
| | × | 6 |
| 2 | 0 | 4 |

**വഴി 2:**

$3 \times 6 = 18$ പത്തുകൾ

18 പത്തുകളോട് (2) പത്തുകളെ കൂട്ടുക.

$18 + (2) = 20$


0 നെ പത്തിന്റെ സ്ഥാനത്ത് എഴുതുകയും 2 നെ നൂറിന്റെ സ്ഥാനത്ത് കൊണ്ടു പോവുകയും ചെയ്യുക.

**6 ക്ലാസ്സുകളിലുള്ള ആകെ വിദ്യാർത്ഥികളുടെ എണ്ണം = 204**

ഗണിതം

## 3 അക്ക സംഖ്യയെ ഒരക്ക സംഖ്യകൊണ്ടുള്ള ഗുണനം

ഒരു ചാക്ക് അരിയുടെ വില ₹436. എന്നാൽ 7 ചാക്ക് അരിയുടെ വില കാണുക ?




**നിർദ്ധാരണം:**

ഒരു ചാക്ക് അരിയുടെ വില = ₹436

7 ചാക്ക് അരിയുടെ വില = ₹436 × 7

| ആ | നൂ | പ | ഒ |
|---|---|---|---|
| | (2) | (4) | |
| | 4 | 3 | 6 |
| | | × | 7 |
| 3 | 0 | 5 | 2 |

**വഴികൾ :**

- 6 × 7 = 42

  2 നെ ഒന്നിന്റെ സ്ഥാനത്തും 4 നെ പത്തിന്റെ സ്ഥാനത്തും കൊണ്ടുപോവുക.

- 3 × 7 = 21, 21 + 4 = 25

  5 നെ പത്തിന്റെ സ്ഥാനത്തും 2 നെ നൂറിന്റെ സ്ഥാനത്തും കൊണ്ടുപോവുക.

- 4 × 7 = 28, 28 + 2 = 30

  0നെ നൂറിന്റെ സ്ഥാനത്തും 3നെ ആയിരത്തിന്റെ സ്ഥാനത്തും എഴുതുക.

**7 ചാക്ക് അരിയുടെ വില = ₹ 3052**



## പരിശീലനം

1) 67 × 6  2) 95 × 5  3) 47 × 8  4) 87 × 5

5) 897 × 6  6) 725 × 7  7) 506 × 7  8) 923 × 8

9) 666 × 8  10) 460 × 9  11) 292 × 5  12) 788 × 9

13) ഒരു നെക്ലസിൽ 52 പവിഴങ്ങൾ ഉണ്ട്. എങ്കിൽ 17 നെക്ലസ്സുകളിൽ എത്ര പവിഴങ്ങൾ ഉണ്ടായിരിക്കും ?

14) ഒരു ഹാരം ഉണ്ടാക്കാൻ 72 റോസാപ്പൂക്കൾ ആവശ്യമാണ്. എങ്കിൽ 9 ഹാരങ്ങൾ ഉണ്ടാക്കാൻ എത്ര റോസാപൂക്കൾ വേണമെന്ന് കണക്കാക്കുക ?

15) ഒരു കാളവണ്ടിയിൽ 485 കെട്ട് കരിമ്പുകൾ കയറ്റാമെങ്കിൽ 7 കാളവണ്ടികളിൽ എത്ര കെട്ട് കരിമ്പുകൾ കയറ്റാം ?

16) ഒരു ഇസ്തിരി പെട്ടിയുടെ വില ₹ 565. എങ്കിൽ 8 ഇസ്തിരി പെട്ടികളുടെ വില കണക്കാക്കുക ?

### രണ്ടക്ക സംഖ്യയെ രണ്ടക്ക സംഖ്യകൊണ്ടുള്ള ഗുണനം

ഒരു പെട്ടിയിൽ 48 ആപ്പിളുകൾ ഉണ്ട്. എന്നാൽ 56 പെട്ടികളിൽ എത്ര ആപ്പിളുകൾ ഉണ്ടായിരിക്കും ?

**നിർദ്ധാരണം :** ഒരു പെട്ടിയിലുള്ള ആപ്പിളിന്റെ എണ്ണം = 48

56 പെട്ടികളിലുള്ള ആപ്പിളുകളുടെ എണ്ണം = 48 × 56

ഇതിനെ 56 = 50 + 6 എന്ന് എഴുതാം.

| ആ | നൂ | പ | ഒ |
|---|---|---|---|
| | | 4 | 8 |
| | × | 5 | 6 |
| | 2 | 8 | 8 |
| 2 | 4 | 0 | 0 |
| 2 | 6 | 8 | 8 |

| വഴി 1 | വഴി 2 | വഴി 3 |
|---|---|---|
| 4 8 | 4 8 | 2 8 8 |
| × 6 ഒന്നുകൾ | × 5 0ഒന്നുകൾ | + 2 4 0 0 |
| 2 88 ഒന്നുകൾ | 2 4 0 0ഒന്നുകൾ | 2 6 8 8 |

**56 പെട്ടികളിലുള്ള ആപ്പിളുകളുടെ എണ്ണം = 2688**

**മറ്റൊരു വഴി**

| ആ | നൂ | പ | ഒ |
|---|---|---|---|
| | 4 | 4 | |
| | | 4 | 8 |
| | × | 5 | 6 |
| | 2 | 8 | 8 |
| 2 | 4 | 0 | 0 |
| 2 | 6 | 8 | 8 |

**വഴി 1**

ഒന്നിന്റെ സ്ഥാനത്തെ ഒന്നിന്റെ സ്ഥാനം കൊണ്ട് ഗുണിക്കുക.

$8 \times 6 = 48$

പത്തിന്റെ സ്ഥാനത്തുള്ള സംഖ്യയെ ഒന്നിന്റെ സ്ഥാനത്തുള്ള സംഖ്യ കൊണ്ട് ഗുണിക്കുക.

$4 \times 6 = 24$

$24 + 4 = 28$

$48 \times 6 = 288$

**വഴി 2**

ഒന്നിന്റെ സ്ഥാനത്തുള്ള സംഖ്യയെ പത്തിന്റെ സ്ഥാനത്തുള്ള സംഖ്യകൊണ്ട് ഗുണിക്കുക.

$8 \times 5 = 40$

പത്തിന്റെ സ്ഥാനത്തുള്ള സംഖ്യയെ പത്തിന്റെ സ്ഥാനത്തുള്ള സംഖ്യ കൊണ്ട് ഗുണിക്കുക.

$4 \times 5 = 20$

$20 + 4 = 24$

$48 \times 5 = 2400$

56 പെട്ടികളിലുള്ള ആപ്പിളുകളുടെ എണ്ണം = 2688.



## പരിശീലനം

1) 59 × 43 2) 58 × 56 3) 95 × 60 4) 78 × 66 5) 38 × 71

6) 92 × 76 7) 60 × 88 8) 54 × 90 9) 70 × 92 10) 65 × 98

11) ഒരു കല്യാണ മണ്ഡപത്തിൽ ഒരു വരിയിൽ 28 ആളുകൾക്ക് ഇരിക്കാം. എന്നാൽ 36 വരികളിൽ എത്ര ആളുകൾക്ക് ഇരിക്കാൻ സാധിക്കും ?

12) ഒരാൾക്ക് താമ്പരത്തിൽ നിന്നും ഗൂഡല്ലൂരിലേക്ക് പോകുന്നതിനുള്ള ബസ് യാത്രാകൂലി ₹ 93. ആകുന്നു. എന്നാൽ 43 പേരുടെ യാത്രാക്കൂലി എത്ര?

13) ഒരു മിനിവാനിൽ 44 ചാക്ക് ഉള്ളി കയറ്റാം. എങ്കിൽ 37 മിനി വാനുകളിൽ എത്ര ചാക്ക് ഉള്ളി കയറ്റാം ?

14) ഒരു ക്വയർ പേപ്പർ എന്നത് 24 ഷീറ്റ് പേപ്പറുകളാണ്. എന്നാൽ 36 ക്വയറിൽ എത്ര ഷീറ്റ് പേപ്പറുകൾ ഉണ്ടായിരിക്കും ?

15) ജൂലൈ മാസത്തിൽ എത്ര മണിക്കൂറുകൾ ഉണ്ട് ?




**കടങ്കഥ**

ഞാൻ 40 നും 50 നും ഇടയ്ക്കുള്ള ഒരു രണ്ടക്ക സംഖ്യയാകുന്നു. ഞാൻ ഒരു ഇരട്ട സംഖ്യയാണ്. എന്നെ ആറാമത്തെയും ഏഴാമത്തെയും ഗുണന പട്ടികയിൽ കാണാം. എന്നാൽ ഞാൻ ആരാണ്.

**വിഭജിക്കൽ**

20, 21, 22, 23, 24 , 25 മാതളങ്ങയെ ഓരോ വരിയിലും 5 വീതം വെച്ചാൽ എത്ര വരികളിൽ വെയ്ക്കാം?





**ഗ്രൂപ്പുകളായി ക്രമീകരിക്കുക**

42 വിദ്യാർത്ഥികളെ 3 തുല്യ വിഭാഗങ്ങളായി തിരിച്ചാൽ ഓരോ വിഭാഗത്തിലും എത്ര വിദ്യാർത്ഥികൾ കാണും ?

**ഹരിക്കുക** : 42 ÷ 3

42 = 30 + 12



```
    10 + 4   = 14
3 | 30 + 12
    30 + 12
    -------
       0
```

| | | |
|---|---|---|
| ഹരണ ഫലം | = | 14 |
| ശിഷ്ടം | = | 0 |

ഓരോ വിഭാഗത്തിലും 14 വിദ്യാർത്ഥികൾ ഉണ്ട്.

## മൂന്നക്ക സംഖ്യയെ ഒരക്ക സംഖ്യകൊണ്ടുള്ള ഹരണം

### ശിഷ്ടമില്ലാതെയുള്ള ഹരണം

ഹരിക്കുക 875 ÷ 7

```
     1 2 5
7 | 8 7 5
    7
    1 7
    1 4
      3 5
      3 5
        0
```

വഴി 1 : നൂറാം സ്ഥാനത്തുള്ള 8 നെ 7കൊണ്ട് ഹരിക്കുക

ഹരണഫലം = 1 ശിഷ്ടം = 1

വഴി 2 : പത്താം സ്ഥാനത്തുള്ള 17 നെ 7കൊണ്ട് ഹരിക്കുക

ഹരണഫലം = 2 ശിഷ്ടം = 3

വഴി 3 : ഒന്നാം സ്ഥാനത്തുള്ള 35 നെ 7കൊണ്ട് ഹരിക്കുക

ഹരണഫലം = 5 ശിഷ്ടം = 0

**875 ÷ 7 = 125**

**ഹരണഫലം = 125, ശിഷ്ടം = 0**

963 പ്ലേറ്റുകളെ 9 ഹോസ്റ്റലുകൾക്ക് തുല്യമായി വീതിച്ചു കൊടുത്താൽ ഓരോ ഹോസ്റ്റലിലും എത്ര പ്ലേറ്റുകൾ കിട്ടും ?



**നിർദ്ധാരണം :** വിതരണം ചെയ്ത പ്ലേറ്റുകളുടെ ആകെ എണ്ണം = 963

ഹോസ്റ്റലുകളുടെ എണ്ണം = 9

ഓരോ ഹോസ്റ്റലിലും വിതരണം ചെയ്ത പ്ലേറ്റുകളുടെ എണ്ണം = 963 ÷ 9

```
     1 0 7
9 | 9 6 3
    9
      6 3
      6 3
        0
```

വഴി 1 : നൂറാം സ്ഥാനത്തുള്ള 9 നെ എടുക്കുക.

9 ÷ 9 = 1.

വഴി 2 : പത്താം സ്ഥാനത്തുള്ള 6 നെ എടുക്കുക.

6 നെ 9 കൊണ്ട് ഹരിക്കാൻ സാധിക്കുകയില്ല.

അതുകൊണ്ട് ഹരണ ഫലത്തിൽ 0 ചേർക്കുക.

ഇപ്പോൾ 63 ഒന്നുകൾ എടുക്കുക.

63 ÷ 9 = 7, ശിഷ്ടം 0.

107 പ്ലേറ്റുകൾ വീതം ഓരോ ഹോസ്റ്റലുകളിലും വിതരണം ചെയ്തു.

## ശിഷ്ടത്തോടു കൂടിയ ഹരണം

ഹരിക്കുക 657 ÷ 8

```
     8 2
8 | 6 5 7
  | 6 4 ↓
  |   1 7
  |   1 6
  |     1
```

വഴി 1 : നൂറിന്റെ സ്ഥാനത്തുള്ള 6നെ എടുക്കുക. 6 നെ 8 കൊണ്ട് ഹരിക്കാൻ സാധിക്കുകയില്ല. പത്തിന്റെ സ്ഥാനത്തുള്ള 5 നെയും ചേർത്ത് 65പത്തുകൾ എടുക്കുക. 65നെ 8 കൊണ്ട് ഹരിക്കുക.

ഹരണ ഫലം = 8 ശിഷ്ടം = 1

വഴി 2 : ഒന്നാം സ്ഥാനത്തുള്ള 17നെ 8 കൊണ്ട് ഹരിക്കുക.

ഹരണ ഫലം = 2 ശിഷ്ടം = 1

**ഹരണ ഫലം = 82 ശിഷ്ടം = 1**



### പരിശീലനം

1) 575 ÷ 5   2) 336 ÷ 6   3) 456 ÷ 8   4) 658 ÷ 7

5) 807 ÷ 6   6) 690 ÷ 7   7) 981 ÷ 8   8) 829 ÷ 9

9) ഇലക്ട്രീഷ്യൻ ഒരു മുറിയിൽ 4 ബൾബുകൾ ഇട്ടു. എങ്കിൽ 216 ബൾബുകൾ എത്ര മുറിയിൽ ഇടാൻ സാധിക്കും ?

10) ഒരു വരിയിൽ 9തൈകൾ നടാമെങ്കിൽ 873 തൈകളെ എത്ര വരികളിൽ നടാൻകഴിയും ?

## നാലക്ക സംഖ്യയെ ഒരക്ക സംഖ്യകൊണ്ട് ഹരിക്കൽ

### ശിഷ്ടമില്ലാത്ത ഹരണം

ഹരിക്കുക 7847 ÷ 7

```
    1 1 2 1
7 | 7 8 4 7
  | 7 ↓
  |   8
  |   7 ↓
  |   1 4
  |   1 4 ↓
  |       7
  |       7
  |       0
```

വഴി 1 : ആയിരത്തിന്റെ സ്ഥാനത്തുള്ള 7 നെ എടുക്കുക. 7 നെ 7 കൊണ്ട് ഹരിക്കുക.

ഹരണഫലം = 1 ശിഷ്ടം = 0

വഴി 2 : 8 നെ 7 കൊണ്ട് ഹരിക്കുക.

ഹരണഫലം = 1 ശിഷ്ടം = 1

വഴി 3 : 14 നെ 7 കൊണ്ട് ഹരിക്കുക.

ഹരണഫലം = 2 ശിഷ്ടം = 0

വഴി 4 : 7നെ 7 കൊണ്ട് ഹരിക്കുക.

ഹരണഫലം =1 ശിഷ്ടം = 0

**ഹരണഫലം = 1121, ശിഷ്ടം = 0**

8 കുട്ടികൾ കടൽത്തീരത്തു നിന്നും 4904 കടൽ ചിപ്പികൾ ശേഖരിച്ചു. അവയെ സമമായി പങ്കുവച്ചു. എങ്കിൽ ഓരോരുത്തർക്കും കിട്ടിയ ചിപ്പികളുടെ എണ്ണം കാണുക ?



**നിർദ്ധാരണം :**

ആകെ ചിപ്പികളുടെ എണ്ണം = 4 9 0 4

കുട്ടികളുടെ എണ്ണം = 8

ഓരോ കുട്ടികൾക്കും കിട്ടുന്ന ചിപ്പികളുടെ എണ്ണം = 4 9 0 4 ÷ 8

```
    6 1 3
8 | 4 9 0 4
    4 8
    -------
      1 0
        8
    -------
        2 4
        2 4
    -------
          0
```

വഴി 1 : ആയിരത്തിന്റെ സ്ഥാനത്തു നിന്നും 4 നെ എടുക്കുക. 4 നെ 8കൊണ്ട് ഹരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് നൂറിന്റെ സ്ഥാനത്തു നിന്നും 9 നെ ചേർത്ത് 49 നൂറുകൾ എടുക്കുക. 49നെ 8 കൊണ്ട് ഹരിക്കുക.
ഹരണഫലം = 6 ശിഷ്ടം =1

വഴി 2 : പത്തിന്റെ സ്ഥാനത്തു നിന്നും പൂജ്യത്തെ ചേർത്ത് 10 പത്തുകൾ എടുക്കുക. 10നെ 8 കൊണ്ട് ഹരിക്കുക.
ഹരണഫലം = 1 ശിഷ്ടം = 2.

വഴി 3 : 24 നെ 8 കൊണ്ട് ഹരിക്കുക.
ഹരണഫലം =3 ശിഷ്ടം = 0.

ഓരോ കുട്ടികൾക്കും കിട്ടിയ ചിപ്പികളുടെ എണ്ണം 613 ആകുന്നു.

## ശിഷ്ടം വരുന്ന ഹരണം

**ഹരിക്കുക** 7004 ÷ 6

```
    1 1 6 7
6 | 7 0 0 4
    6
    -------
    1 0
      6
    -------
      4 0
      3 6
    -------
        4 4
        4 2
    -------
          2
```

വഴി 1 : ആയിരത്തിന്റെ സ്ഥാനത്തു നിന്നും 7 നെ എടുക്കുക. 7 നെ 6 കൊണ്ട് ഹരിക്കുക.
ഹരണഫലം = 1 ശിഷ്ടം = 1.

വഴി 2 : 100 സ്ഥാനത്തു നിന്നും 0ചേർത്ത് പത്ത് നൂറുകൾ എടുക്കുക. 10 നെ 6 കൊണ്ട് ഹരിക്കുക.
ഹരണഫലം = 1 ശിഷ്ടം = 4

വഴി 3 : 40 പത്തിന്റെ സ്ഥാനത്തു നിന്നും 0 ചേർത്ത് 40പത്തുകൾ എടുക്കുക. 6 കൊണ്ട് ഹരിക്കുക.
ഹരണഫലം = 6 ശിഷ്ടം = 4

വഴി 4 : ഒന്നിന്റെ സ്ഥാനത്തു നിന്നും 4 നെയും ചേർത്ത് 44 ഒന്നുകൾ എടുക്കുക. 44നെ 6കൊണ്ട് ഹരിക്കുക.
ഹരണഫലം = 7 ശിഷ്ടം = 2.

**ശരിനോക്കുക:** 1167 × 6 = 7002
ശിഷ്ടം 2 നെയും കൂട്ടുക
7002 + 2 = 7004

ഹരണഫലം = 1167
ശിഷ്ടം = 2

ഹരിക്കുക 9805 ÷ 8

```
   1 2 2 5
8 | 9 8 0 5
    8            1 x 8 = 8
    1 8
    1 6          2 x 8 = 16
      2 0
      1 6        2 x 8 = 16
        4 5
        4 0      5 x 8 = 40
          5
```

ഹരണ ഫലം = 1225


ശിഷ്ടം = 5

ഹരിക്കുക 5567 ÷ 9

```
     6 1 8
9 | 5 5 6 7
    5 4          6 x 9 = 54
      1 6
        9        1 x 9 = 9
        7 7
        7 2      8 x 9 = 72
          5
```

ഹരണ ഫലം = 618

ശിഷ്ടം = 5



## പരിശീലനം

1) 5232 ÷ 6 2) 8540 ÷ 7 3) 4624 ÷ 8 4) 2340 ÷ 9

5) 8348 ÷ 6 6) 6205 ÷ 7 7) 3426 ÷ 8 8) 3352 ÷ 9

9) ഒരു ബെഞ്ചിൽ 6 വിദ്യാർത്ഥികൾ ഇരിക്കുന്നു. എങ്കിൽ 6264 വിദ്യാർത്ഥികൾക്ക് ഇരിക്കാൻ എത്ര ബെഞ്ചുകൾ ആവശ്യമുണ്ട് ?

10) ആറു നില കെട്ടിടത്തിൽ 2292 മുറികൾ ഉണ്ട്. ഓരോ നിലയിലും ഒരേ എണ്ണമുള്ള മുറികളാണ് ഉള്ളത്. എങ്കിൽ ഓരോ നിലയിലും എത്ര മുറികളാണ് ഉള്ളത് ?

11) 7 പാത്രങ്ങളിലായി 7630 ജാർ വെള്ളം കൊള്ളുമെങ്കിൽ, ഒരു പാത്രത്തിൽ എത്ര ജാർ വെള്ളം ഉൾകൊള്ളും ?

**നിരീക്ഷിച്ച് പൂരിപ്പിക്കുക.**

| | | |
|---|---|---|
| 42 ÷ 6 = 7 | 56 ÷ 7 = ______ | 81 ÷ 9 = ______ |
| 420 ÷ 6 = 70 | 560 ÷ 7 = ______ | 810 ÷ 9 = ______ |
| 4200 ÷ 6 = 700 | 5600 ÷ 7 = ______ | 8100 ÷ 9 = ______ |

ഗണിതം

തന്നിട്ടുള്ള ചിത്രത്തെ നിരീക്ഷിച്ച് നിർദ്ധാരണം ചെയ്യുക.





ഒരാളിന്റെ ബസ് യാത്രകൂലി ₹ 96ആകുന്നു. എങ്കിൽ 5 ആളുകളുടെ യാത്രകൂലി കണ്ടുപിടിക്കുക ?

## പച്ചക്കറികടയും പഴക്കടയും



| | | |
|---|---|---|
| ഉള്ളി | 1കി. | ₹ 15 |
| ഉരുളക്കിഴങ്ങ് | 1കി. | ₹ 25 |
| തക്കാളി | 1കി. | ₹ 12 |
| മുരിങ്ങയ്ക്ക | 1കി. | ₹ 30 |
| ആപ്പിൾ | 1കി. | ₹ 80 |
| നേന്ത്രപ്പഴം | 1കി. | ₹ 3 |

**കണക്കുകൾ**

1.

2.

3.

4.




ആകെ വില ₹132

കണക്ക്

ആറു സോപ്പുകളുടെ വില ₹ 132. ആകുന്നു. എങ്കിൽ ഒരു സോപ്പിന്റെ വില എന്ത് ?

---




ആകെ വില ₹ 88

കണക്ക്

---



ആകെ വില ₹500

കണക്ക്

## ഗുണനത്തിന്റെ മൂല്യ നിർണ്ണയം

ഒരു വിനോദ സഞ്ചാര സ്ഥാപനം വിനോദയാത്രയ്ക്കുവേണ്ടി ഒരാളിൽ നിന്നും ₹ 85 വീതം വാങ്ങി എങ്കിൽ 27 പേർക്ക് എത്ര രൂപ വാങ്ങും ?

| | | യഥാർത്ഥ മൂല്യം | ഏകദേശ മൂല്യം |
|---|---|---|---|
| ഒരാളിന്റെ ചെലവ് | = | ₹ 85 | ₹ 90 |
| 27 പേർക്കുള്ള ചെലവ് | = | ₹ 85 × 27 | ₹ 90 × 30 |
| | | 595 | 00 |
| | | 170 | 270 |
| 27 പേർക്കുള്ള ചെലവ് | = | ₹ 2295 | ₹ 2700 |

ഏകദേശ മൂല്യത്തിനും
യഥാർത്ഥ മൂല്യത്തിനും = ₹ 2700 − ₹ 2295
തമ്മിലുള്ള വ്യത്യാസം = ₹ 405



**പരിശീലനം**

ഒരാൾ ഒരു ദിവസം 92 പത്രങ്ങൾ വിതരണം ചെയ്യുന്നു. എങ്കിൽ 28 ദിവസങ്ങളിലായി അയാൾ വിതരണം ചെയ്ത ആകെ പത്രങ്ങൾ എത്ര?

**ഏകദേശ മൂല്യം കണക്കാക്കുക.**

| സംഖ്യകൾ | യഥാർത്ഥമൂല്യം | ഏകദേശമൂല്യം | വ്യത്യാസം |
|---|---|---|---|
| 45 × 12 | 540 | 50 × 10 = 500 | 40 |
| 92 × 18 | | | |
| 26 × 22 | | | |
| 33 × 37 | | | |

## ആവർത്തനം



**ഗുണിക്കുക.**

1) 62 × 4　　2) 35 × 7　　3) 42 × 6

4) 89 × 8　　5) 360 × 5　　6) 402 × 6

7) 237 × 8　　8) 685 × 9　　9) 40 × 27

10) 30 × 70　　11) 81 × 44　　12) 92 × 53

13) ഒരു പാക്കറ്റ് ടൂത്ത് പേസ്റ്റിന്റെ വില ₹ 26 ആകുന്നു. എങ്കിൽ 48 പാക്കറ്റ് ടൂത്ത് പേസ്റ്റിന്റെവില എന്ത് ?

14) ഒരു ലോറിയിൽ 6 കാറുകൾ കയറ്റാം. എങ്കിൽ 450 ലോറികളിൽ എത്ര കാറുകൾ കയറ്റാൻ സാധിക്കും?

**ഹരിക്കുക.**

1) 72 ÷ 4　　2) 80 ÷ 5　　3) 98 ÷ 6

4) 88 ÷ 8　　5) 654 ÷ 5　　6) 342 ÷ 6

7) 530 ÷ 7　　8) 632 ÷ 8　　9) 458 ÷ 9

10) 8505 ÷ 5　　11) 5437 ÷ 6　　12) 6027 ÷ 7

13) 6 നോട്ടു ബുക്കുകളിലായി 9120 വരകളുണ്ട്. എങ്കിൽ ഒരു നോട്ടുബുക്കിൽ എത്ര വരകൾ കാണും ?

14) ഒരു ട്രേയിൽ 9 ഐസ്ക്രീം കപ്പുകൾ വയ്ക്കാമെങ്കിൽ 504 ഐസ്ക്രീം കപ്പുകൾ വയ്ക്കാനായി എത്ര ട്രേകൾ ആവശ്യമുണ്ട് ?

15) താഴെ കൊടുത്തിരിക്കുന്ന സംഖ്യകളെ ഹരിച്ച് അവയുടെ ഹരണഫലവും, ശിഷ്ടവും കണ്ടെത്തുക ?

1. 2519 ÷ 1　　2. 2519 ÷ 2　　3. 2519 ÷ 3

4. 2519 ÷ 4　　5. 2519 ÷ 5　　6. 2519 ÷ 6

7. 2519 ÷ 7　　8. 2519 ÷ 8　　9. 2519 ÷ 9

# 3 സമയം കണക്കാക്കൽ



വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന രണ്ടു കൂട്ടുകാർ തമ്മിലുള്ള സംഭാഷണം ചുവടെ കൊടുത്തിരിക്കുന്നു.






**സമയത്തിന്റെ അടിസ്ഥാന മാത്രകളാണ് മണിക്കൂറും മിനിറ്റും.**



## പരിശീലനം

**ഘടികാരത്തെ നോക്കി സമയം എഴുതുക.**

1)  _____ മണി

2)  _____ മണി

3)  _____ മണി

4)  _____ മണി

5)  _____ മണി

6)  _____ മണി




ഈ ഘടികാരത്തെ നോക്കൂ! മിനിറ്റ് സൂചി 1 നേയും മണിക്കൂർ സൂചി 3 നേയും കുറിക്കുന്നു.

ശരിയാ! ഇപ്പോൾ സമയം 3 മണി കഴിഞ്ഞ് 5 മിനിറ്റ് അല്ലെങ്കിൽ മൂന്ന്-അഞ്ച് അല്ലെങ്കിൽ 3 : 05




ഈ ഘടികാരത്തെ നോക്കൂ!മിനിറ്റ് സൂചി 2 നേയും മണിക്കൂർ സൂചി 3 നും 4 നും ഇടയ്ക്കുമാണ് സൂചിപ്പിക്കുന്നത്.ഇപ്പോൾ 3 മണി 10മിനിറ്റാണോ ?

അതെ ! മൂന്ന്-പത്ത് എന്നാണ് എഴുതുന്നത്. അല്ലെങ്കിൽ 3 മണി കഴിഞ്ഞ് 10 മിനിറ്റ് അല്ലെങ്കിൽ 3:10

നിനക്ക് വേഗത്തിൽ സമയം നോക്കി പറയാൻ കഴിയുമോ ?

ഓ !, തീർച്ചയായും, താഴെ കൊടുത്തിരിക്കുന്നത് നോക്കൂ!

| | | |
|---|---|---|
| കാൽ മണിക്കൂർ | $= \frac{1}{4}$ മണിക്കൂർ | = 15 മിനിറ്റുകൾ |
| അര മണിക്കൂർ | $= \frac{1}{2}$ മണിക്കൂർ | = 30 മിനിറ്റുകൾ |
| മുക്കാൽ മണിക്കൂർ | $= \frac{3}{4}$ മണിക്കൂർ | = 45 മിനിറ്റുകൾ |



മണിക്കൂർ സൂചി 3-ലും മിനിറ്റ് സൂചി 3-ലും കാണിക്കുമ്പോൾ സമയം 3 മണി കഴിഞ്ഞ് 15 മിനിറ്റ്. അല്ലെങ്കിൽ മൂന്ന് - പതിനഞ്ച് അല്ലെങ്കിൽ മൂന്നേകാൽ മണിക്കൂർ ഇതിനെ 3:15 എന്ന് എഴുതാം



മണിക്കൂർ സൂചി 3 ലും മിനിറ്റ് സൂചി 6 ലും കാണിക്കുമ്പോൾ സമയം 3 മണി കഴിഞ്ഞ് മുപ്പത് മിനിറ്റ് . അല്ലെങ്കിൽ മൂന്നര മണിക്കൂർ.
ഇതിനെ 3:30 എന്ന് എഴുതുന്നു.



മണിക്കൂർ സൂചി 3 ലും മിനിറ്റുസൂചി 9 ലും കാണിക്കുമ്പോൾ സമയം 3 മണി കഴിഞ്ഞ് 45 മിനിറ്റ്. അല്ലെങ്കിൽ മൂന്നേ മുക്കാൽ മണിക്കൂർ അല്ലെങ്കിൽ മൂന്ന് നാല്പത്തിയഞ്ച്. ഇതിനെ 3:45 എന്ന് എഴുതുന്നു.

മിനിറ്റു സൂചി ഒരു സംഖ്യയിൽ നിന്നും അടുത്ത സംഖ്യയിലേക്ക് പോകാൻ എടുക്കുന്ന സമയം 5 മിനിറ്റ്. ഒരു പ്രാവശ്യം മിനിറ്റു സൂചി ചുറ്റിവരാൻ എടുക്കുന്ന സമയം 60 മിനിറ്റ്. അതായത് 1 മണിക്കൂർ

1 മണിക്കൂർ = 60 മിനിറ്റുകൾ.



## പരിശീലനം

**ഘടികാരം നോക്കി സമയം എഴുതുക.**


| | | | |
|---|---|---|---|
| 1:20 | | | |



## പ്രായോഗിക പരിശീലനം

**നിങ്ങളുടെ ദിവസേനയുള്ള പ്രവർത്തി സമയത്തെ പൂരിപ്പിക്കുക. താഴെ കൊടുത്തിട്ടുള്ള ഘടികാര ചിത്രത്തിൽ മിനിറ്റു സൂചിയും മണിക്കൂർ സൂചിയും വരച്ച് ദിവസേനയുള്ള പ്രവർത്തി സമയം എഴുതുക.**

1) ഞാൻ 6 മണിക്കാണ് എഴുന്നേൽക്കുന്നത്.



2) ഞാൻ കുളിക്കുന്ന സമയം _______



3) എന്റെ പ്രഭാത ഭക്ഷണത്തിന്റെ സമയം ____



4) ഞാൻ വിദ്യാലയത്തിലേക്ക് പോകുന്ന സമയം ______



5) എന്റെ ഉച്ച ഭക്ഷണത്തിന്റെ സമയം______



6) വിദ്യാലയത്തിലുള്ള പഠനം പൂർത്തിയാക്കുന്ന സമയം _______



7) വൈകുന്നേരം കളിക്കുന്ന സമയം______



8) എന്റെ പഠന സമയം ______



## സമയം a.mൽ അല്ലെങ്കിൽ p.m ൽ





ചിത്രങ്ങളിലുള്ള രണ്ടു ഘടികാരങ്ങളും സമയം 6 മണിയെ സൂചിപ്പിക്കുന്നു.

ഒന്നു രാവിലത്തേതും മറ്റൊന്ന് വൈകുന്നേരത്തേതും ആകുന്നു. രാവിലെയുള്ള 6 മണിക്ക് 6 a.m എന്നും വൈകുന്നേരമുള്ള 6 മണിക്ക് 6 p.m എന്നും പറയുന്നു.

രാവിലെയുള്ള 6 മണിയെ മദ്ധ്യാഹ്നം 12 ന് മുമ്പുള്ള 6 മണിയെന്നും

വൈകുന്നേരമുള്ള 6 മണിയെ മദ്ധ്യാഹ്നം 12 മണിയ്ക്കുശേഷമുള്ള 6 മണിയെന്നും പറയുന്നു.

ഉച്ചയ്ക്ക് 12 മണിക്കു മുമ്പുള്ള സമയത്തെ a.m. എന്നും
ഉച്ചയ്ക്ക് 12 മണിക്കു ശേഷമുള്ള സമയത്തെ p.m. എന്നും പറയുന്നു.



രാത്രി 12 മണിയെ അർദ്ധരാത്രി എന്നു പറയുന്നു.



പകൽ 12 മണിയെ മദ്ധ്യാഹ്നം (നട്ടുച്ച) എന്നു പറയുന്നു.

ഉച്ചയ്ക്ക് 12 മണിയേയും, അർദ്ധരാത്രി 12 മണിയേയും
കൃത്യമായിട്ട് a.m. എന്നോ p.m. എന്നോ പറയാൻ സാധ്യമല്ല.

## ദിവസത്തെ കുറിക്കുന്ന ചാർട്ട്



അർദ്ധരാത്രി 12 മണി മുതൽ



പകൽ 12 മണി മുതൽ



അർദ്ധരാത്രി 12 മണിവരെ

അർദ്ധരാത്രി 12 മണി മുതൽ → a.m ← പകൽ 12 മണി മുതൽ → p.m ← അർദ്ധരാത്രി 12 മണിവരെ

a.m: അർദ്ധരാത്രി 12 മണി മുതൽ മദ്ധ്യാഹ്നം 12 മണിവരെ → 12 മണിക്കൂറുകൾ

p.m: മദ്ധ്യാഹ്നം 12 മണി മുതൽ അർദ്ധരാത്രി 12 മണിവരെ → 12 മണിക്കൂറുകൾ

12 മണിക്കൂറുകൾ → 24 മണിക്കൂറുകൾ ← 12 മണിക്കൂറുകൾ

24 മണിക്കൂറുകൾ → 1 ദിവസം

**1 ദിവസം = 24 മണിക്കൂറുകൾ**



### പരിശീലനം

**a.m. അഥവാ p.m. ഉപയോഗിച്ച് സമയം എഴുതുക**

1) രാത്രി സമയം 10:30 നെ 10:30 p.m. എന്ന് എഴുതാം.
2) വൈകുന്നേരം7:40നെ _____ആകുന്നു.
3) മദ്ധ്യാഹ്നത്തിനുശേഷം 6:15നെ _____ആകുന്നു.
4) അർദ്ധരാത്രിക്കുശേഷം 3:30നെ_____ആകുന്നു.
5) രാവിലെ 8:30 നെ _______ ആകുന്നു.
6) രാവിലെ 9:00 നെ _____ ആകുന്നു.
7) മദ്ധ്യാഹ്നം 1:30 നെ _____ ആകുന്നു.
8) മദ്ധ്യാഹ്നം 2:45നെ _____ആകുന്നു.

## ദൈനംദിന പ്രവർത്തികൾ

സുന്ദർ നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയാണ്. അവൻ രാവിലെ 6 മണിക്ക് ഉറക്കമുണരുന്നു. അവൻ വിദ്യാലയത്തിലേക്ക് 8.30 a.m.ന് പോയിട്ട് വൈകുന്നേരം 5 മണിക്ക് തിരിച്ചു വരുന്നു. അതിനുശേഷം കുറച്ച് നേരം കളിച്ചിട്ട് പഠിക്കാൻ തുടങ്ങുന്നു. രാത്രി 9 മണിക്ക് അവൻ ഉറങ്ങാൻ പോകുന്നു.

**ദൈനംദിന പ്രവൃത്തിയിൽ സുന്ദർ ചെലവാക്കിയ കാലയളവിനെ നിങ്ങൾക്ക് കണ്ടുപിടിക്കാമോ ?**





സുന്ദർ രാവിലെ 6 മണിക്ക് ഉറക്കമുണർന്ന് അതിനുശേഷം 8.30 മണിക്ക് അവൻ വിദ്യാലയത്തിലേക്ക് പോകുന്നു.

6.00 a.m. നും 8.30 a.m. നും തമ്മിലുള്ള കാലയളവ് 2 മണിക്കൂറും 30 മിനിറ്റുകളും ആകുന്നു.

> മിനിറ്റിനെ **min.** എന്നും
>
> മണിക്കൂറിനെ **hr.** എന്നും എഴുതാം.

1) ആദ്യത്തെ പാഠവേള രാവിലെ 9:30 a.mന് തുടങ്ങുന്നു. ഒരു പാഠവേളയുടെ കാലയളവ് 1 മണിക്കൂറാകുന്നു. ആദ്യത്തെ പാഠവേള തീരുന്ന സമയം ______a.m.

2) രാവിലെയുള്ള പഠന കാലയളവ് 12:40 p.m. ന് അവസാനിക്കുന്നുവെങ്കിൽ. രാവിലെയുള്ള പഠന കാലയളവ് _________ മണിക്കൂർ ________ മിനിറ്റാണ്.

3) മദ്ധ്യാഹ്ന പഠനം 2:00 p.m. ന് തുടങ്ങുന്നു. എന്നാൽ ഉച്ചഭക്ഷണത്തിന് എടുത്ത സമയം_________ മണിക്കൂർ _________ മിനിറ്റാണ്.

4) വിദ്യാലയത്തിലുള്ള പഠന സമയം 4:10 p.m. ന് അവസാനിക്കുന്നു. മദ്ധ്യാഹ്നത്തിനു ശേഷമുള്ള പഠന കാലയളവ് _______ മണിക്കൂർ _________ മിനിറ്റാണ്.

5) പഠനസമയം 6:30 p. mമുതൽ 8:30 p.m.വരെയാകുന്നു. എന്നാൽ പഠന സമയത്തിനുള്ള കാലയളവ് _________മണിക്കൂർ ആകുന്നു.

# കലണ്ടർ
## 2013

**ജനുവരി**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |
| | | | | | | |

**ഫെബ്രുവരി**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | | |
| | | | | | | |

**മാർച്ച്**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

**ഏപ്രിൽ**

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |
| | | | | | | |

| മേയ് | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |
| | | | | | | |

| ജൂൺ | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

| ജൂലൈ | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |
| | | | | | | |

| ആഗസ്റ്റ് | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |
| | | | | | | |

| സെപ്റ്റംബർ | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |
| | | | | | | |

| ഒക്ടോബർ | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |
| | | | | | | |

| നവംബർ | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| | | | | | | |

| ഡിസംബർ | | | | | | |
|---|---|---|---|---|---|---|
| Su | Mo | Tu | We | Th | Fr | Sa |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |
| | | | | | | |

കലണ്ടർ ആഴ്ചയിലെ എല്ലാ ദിവസത്തേയും
വർഷത്തിലെ എല്ലാ മാസങ്ങളേയും കാണിക്കുന്നു.
കലണ്ടറിൽ നിന്ന് ഒരു പ്രത്യേക മാസത്തിലെ പ്രത്യേക
ദിനത്തിന്റെ തിയതി കണ്ടുപിടിക്കാൻ സാധിക്കുന്നു.

കലണ്ടർ നോക്കി മാസങ്ങളുടെ പേര് എഴുതുക

| 31 ദിവസങ്ങളുള്ള മാസങ്ങൾ | 30 ദിവസങ്ങളുള്ള മാസങ്ങൾ |
|---|---|
| | |

ഫെബ്രുവരി മാസത്തിൽ ______ ദിവസങ്ങളുണ്ട്.



## പരിശീലനം

**2013 മേയ് മാസത്തിലെ കലണ്ടർ നോക്കി താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം നൽകുക.**

**മേയ് 2013**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |
| | | | | | | |

1) ഈ മാസത്തിലെ തിങ്കളാഴ്ചകളുടെ എണ്ണം എത്ര? ______________

2) ഈ മാസത്തിലെ ഞായറാഴ്ചകളുടെ എണ്ണം എത്ര? ______________

3) മേയ് 1 ലെ ആഘോഷത്തിന്റെ പേര് ഏത് ? ______________

4) വെള്ളിയാഴ്ചകളിൽ വരുന്ന തിയതികൾ ഏവ ? ______________

5) ഈ മാസത്തിലെ ആദ്യ ദിനത്തിന്റെ പേര് എന്ത് ? ______________

6) ഈ മാസത്തിലെ അവസാന ദിനത്തിന്റെ പേര് എന്ത് ? ______________

**2013 ലെ മാസങ്ങളും ആഴ്ചകളും ദിവസങ്ങളും**

**വിട്ടുപോയ ഭാഗങ്ങളെ പൂരിപ്പിക്കുക.**

| മാസങ്ങളുടെ പേര് | ദിവസങ്ങളുടെ എണ്ണം | ആഴ്ചകളുടേയും ദിവസങ്ങളുടേയും എണ്ണം |
|---|---|---|
| ജനുവരി | 31 | 4 ആഴ്ചകൾ 3 ദിവസങ്ങൾ |
| ഫെബ്രുവരി | 28 | 4 ആഴ്ചകൾ 0 ദിവസം |
| മാർച്ച് | 31 | 4 ആഴ്ചകൾ 3 ദിവസങ്ങൾ |
| ഏപ്രിൽ | 30 | 4 ആഴ്ചകൾ 2 ദിവസങ്ങൾ |
| മേയ് | 31 | ആഴ്ചകൾ ദിവസങ്ങൾ |
| ജൂൺ | 30 | ആഴ്ചകൾ ദിവസങ്ങൾ |
| ജൂലൈ | 31 | ആഴ്ചകൾ ദിവസങ്ങൾ |
| ആഗസ്റ്റ് | 31 | ആഴ്ചകൾ ദിവസങ്ങൾ |
| സെപ്റ്റംബർ | 30 | ആഴ്ചകൾ ദിവസങ്ങൾ |
| ഒക്ടോബർ | 31 | ആഴ്ചകൾ ദിവസങ്ങൾ |
| നവംബർ | 30 | ആഴ്ചകൾ ദിവസങ്ങൾ |
| ഡിസംബർ | 31 | ആഴ്ചകൾ ദിവസങ്ങൾ |
| ആകെ | 365 | 48 ആഴ്ചകൾ 29 ദിവസങ്ങൾ |

**1 ആഴ്ച = 7 ദിവസങ്ങൾ**

48 ആഴ്ചകൾ + 29 ദിവസം = 48 ആഴ്ചകൾ + 28 ദിവസങ്ങൾ + 1 ദിവസം
= 48 ആഴ്ചകൾ + 4 ആഴ്ചകൾ + 1 ദിവസം
= 52 ആഴ്ചകൾ + 1 ദിവസം

ഏകദേശം

1 മാസം = 4 ആഴ്ചകൾ 1 വർഷം = 52 ആഴ്ചകൾ

സാധാരണ വർഷം = 365 ദിവസങ്ങൾ

അധിവർഷം = 366 ദിവസങ്ങൾ

ഒരു അധിവർഷത്തിൽ ഫെബ്രുവരി മാസത്തിൽ 29 ദിവസങ്ങൾ ഉണ്ടായിരിക്കും.

**സാധാരണയായി 4 വർഷത്തിലൊരിക്കലാണ് ഒരു അധിവർഷം വരുന്നത്.**

**2 തിയതികൾക്കിടയിലുള്ള ദിവസങ്ങളുടെ എണ്ണം**

എന്റെ ജന്മദിനം ആഘോഷിക്കാനായി എത്ര ദിവസങ്ങളാണ് ഉള്ളത്.





നിന്റെ ജനനതിയതിയും ഇന്നത്തെ തിയതിയും പറയൂ

എന്റെ ജന്മദിനം ആഗസ്റ്റ് 12 നാണ് എന്നാൽ ഇന്ന് ആഗസ്റ്റ് 15 ആണ്.



ജൂലൈ 15 മുതൽ 31 വരെയുള്ള ദിവസങ്ങളുടെ എണ്ണമെത്ര?

17 ദിവസങ്ങൾ
(15,16,17.........31)



ആഗസ്റ്റ് 1 മുതൽ 12 വരെയുള്ള ദിവസങ്ങളുടെ എണ്ണമെത്ര?

12 ദിവസങ്ങൾ



ആകെയുള്ള ദിവസങ്ങളുടെ എണ്ണമെത്ര?



ജൂലൈയിൽ 17 ദിവസങ്ങളും ആഗസ്റ്റിൽ 12 ദിവസങ്ങളും കൂടി ആകെ 29 ദിവസങ്ങൾ

ഏപ്രിൽ 13 മുതൽ ജൂൺ 3 വരെയുള്ള ദിവസങ്ങളുടെ എണ്ണം കണക്കാക്കുക

| | | |
|---|---|---|
| ഏപ്രിൽ ________ | | 18 ദിവസങ്ങൾ |
| മേയ് ________ | | 31 ദിവസങ്ങൾ |
| ജൂൺ ________ | + | 3 ദിവസങ്ങൾ |
| ആകെ | | 52 ദിവസങ്ങൾ |

ഏപ്രിൽ

31 ദിവസങ്ങൾ
-12 ദിവസങ്ങൾ
18 ദിവസങ്ങൾ



## പരിശീലനം

രണ്ടു തിയതികൾക്കിടയിലെ ദിവസങ്ങളുടെ എണ്ണം കണക്കാക്കുക.

1) മേയ് 4 മുതൽ ജൂൺ 21 വരെ

2) ഒക്ടോബർ 9 മുതൽ ഡിസംബർ 11 വരെ

3) ജനുവരി 3 മുതൽ ഫെബ്രുവരി 15 വരെ

4) ആഗസ്റ്റ് 15 മുതൽ ഒക്ടോബർ 2 വരെ

അവധി ദിവസങ്ങളുടെ എണ്ണം കണക്കാക്കുക.

| അവധി ദിവസങ്ങൾ | മുതൽ | വരെ | ആകെ ദിവസങ്ങൾ |
|---|---|---|---|
| അർദ്ധ വാർഷിക അവധി ദിവസങ്ങൾ | | | |
| മദ്ധ്യവേനൽ അവധി ദിവസങ്ങൾ | | | |



## പദ്ധതി തയ്യാറാക്കൽ

ഈ വർഷത്തെ കലണ്ടർ നോക്കി പട്ടിക പൂരിപ്പിക്കുക.

| ആഘോഷം | മാസം | തിയതി | ദിവസം |
|---|---|---|---|
| ദീപാവലി | | | |
| ക്രിസ്തുമസ് | | | |
| മിലാഡിഷെരീഫ് | | | |
| ശിശുദിനം | | | |
| അധ്യാപക ദിനം | | | |



## പ്രായോഗിക പരിശീലനം

| ഘടികാരം – 1 | ഘടികാരം – 2 |
|---|---|
| a.m. | p.m. |









| | |
|---|---|
| ഘടികാരം – 1 | 8:00 a.m. |
| ഘടികാരം – 2 | 2:00 p.m. |
| സമയ വീഴ്ച | 6 മണിക്കൂർ |

- കുട്ടികളെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുക.
- ആദ്യ ഗ്രൂപ്പ് ഘടികാരം – 1 ലെ am സമയത്തെ കാണിക്കുക.
- രണ്ടാമത്തെ ഗ്രൂപ്പ് ഘടികാരം 2-ലെ pm സമയത്തെ കാണിക്കുക.
- മൂന്നാമത്തെ ഗ്രൂപ്പ് സമയ വീഴ്ച എത്രയാണെന്ന് പറയുക.

### വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

| സാധാരണ വർഷത്തിലെ ദിവസങ്ങൾ | മാസങ്ങൾ | അധിവർഷത്തിലെ ദിവസങ്ങൾ |
|---|---|---|
| | ജനുവരി | |
| | ഫെബ്രുവരി | |
| 31 ദിവസങ്ങൾ | മാർച്ച് | |
| | ഏപ്രിൽ | 30 ദിവസങ്ങൾ |
| | മേയ് | |
| | ജൂൺ | |
| | ജൂലൈ | 31 ദിവസങ്ങൾ |
| | ആഗസ്റ്റ് | |
| 30 ദിവസങ്ങൾ | സെപ്റ്റംബർ | |
| | ഒക്ടോബർ | |
| | നവംബർ | |
| | ഡിസംബർ | |



താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**1)** താഴെ തന്നവയുടെ സമയമെഴുതുക.



________



________

**2)** സമയത്തോടൊപ്പം **a.m** അഥവാ **p.m.** ചേർക്കുക.

i) അതിരാവിലെ 4 മണി ________

ii) രാത്രി 11 : 30 മണി ________

iii) ഉച്ചയ്ക്ക് മുമ്പ് 11 : 30 മണി ________

**3)** തുടർച്ചയായി വരുന്ന ഏതു രണ്ടു മാസങ്ങളിലാണ് 31 ദിവസങ്ങൾ വരുന്നത്?

**4)** 30 ദിവസത്തിൽ കുറഞ്ഞ് ദിവസങ്ങളുള്ള മാസം ഏത് ?

**5)** ഒരു അധിവർഷത്തിലെ ദിവസങ്ങളുടെ എണ്ണം എത്ര?

**6)** ഒരു വർഷത്തിലെ അവസാന മാസം ഏത്?

**7)** ശിശുദിനത്തിനും ക്രിസ്തുമസ് ദിനത്തിനും ഇടയ്ക്ക് വരുന്ന ദിവസങ്ങളുടെ എണ്ണം കണക്കാക്കുക.

**വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.**

1) 1 മണിക്കൂർ = ______ മിനിറ്റ്

2) ______ മണിക്കൂർ = 1 ദിവസം

3) 1 വർഷം = ______ ദിവസങ്ങൾ

4) 1 വർഷം = ______ ആഴ്ചകൾ

5) 12 മാസങ്ങൾ = ______ വർഷം

6) 1 മണിക്കൂറിന്റെ കാൽഭാഗം (കാൽ മണിക്കൂർ) = ________ മിനിറ്റ്

7) 1 മണിക്കൂറിന്റെ മുക്കാൽഭാഗം (മുക്കാൽ മണിക്കൂർ) = ________ മിനിറ്റ്

## 'എനിക്കും സാധി ക്കും, ഞാൻ ചെയ്തു'
## ('I can, I did')
### വിദ്യാർത്ഥികളുടെ പ്രവർത്തനവിവ ര സൂ ചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠ ഭാഗം | പാഠ ത്തിന്റെ തല ക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |